മാതൃകാ ചോദ്യങ്ങൾ-2023 – മലയാളം (പ്ലസ് ടു)

സമയം 3 മണിക്കൂർ ആകെ മാർക്ക് – 80

ഒന്നു മുതൽ അഞ്ച് വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉചിതമായ ഉത്തരം എഴുതുക (3X2=6 മാർക്ക്)

1. "തൊണ്ടയിൽ പിടയുകയാണൊരേകാന്ത രോദനം" ഈ പ്രയോഗത്തിന്റെ അർത്ഥ തലങ്ങൾ?
   a) ഒന്നും സംസാരിക്കാനാവുന്നില്ല
   b) തൊണ്ടയിൽ എന്തോ കുരുങ്ങി നിൽക്കുന്നു
   c) പരസ്പരം കണ്ടുമുട്ടിയതിലുള്ള സന്തോഷം പ്രകടിപ്പിക്കുന്നു
   d) പ്രണയ തീവ്രത വ്യക്തമാക്കുന്നു
2. നിയോ റിയലിസ്റ്റിക് സിനിമകളുടെ പ്രത്യേകതകൾ?
   a) ജീവിതത്തെ സത്യസന്ധമായി അവതരിപ്പിക്കുന്നു.
   b) വെറും കെട്ടുകാഴ്ചകളെ അവതരിപ്പിക്കുന്നു
   c) നിലവാരം കുറഞ്ഞ സിനിമകളാണ്
   d) താരതമ്യേന കുറഞ്ഞ നിർമ്മാണച്ചെലവ്
3. കാവ്യകലയെക്കുറിച്ച് എൻ.എം.വിജയന്റെ നിരീക്ഷണങ്ങൾ കണ്ടെത്തുക?
   a) വാക്കുകളുടെ നൃത്തം ശബ്ദത്തിന്റേതാണ്
   b) വാക്കുകളുടെ നൃത്തം അർത്ഥത്തിന്റേതാണ്
   c) ഏറ്റവും ഉചിതമായ വാക്കുകളാണ് കവിതയിൽ ഉപയോഗിക്കേണ്ടത്
   d) കഠിന പദങ്ങളാണ് കവിതയിൽ ഉപയോഗിക്കേണ്ടത്
4. "മത്സ്യം" എന്ന കവിതക്ക് യോജിക്കാത്ത പ്രസ്താവനകൾ ഏതെല്ലാം?
   a) ഉത്തരാധുനിക കവിതയാണ്
   b) രാഷ്ട്രതന്ത്രം എന്ന കവിതാ സമാഹാരത്തിലെ കവിത
   c) മത്സ്യം കീഴടങ്ങാൻ ഇഷ്ടപ്പെടുന്നു
   d) പ്രലോഭനങ്ങൾക്ക് പിറകെ പോകുന്നു.
5. "സംക്രമണം" എന്ന കവിതയിൽ സ്ത്രീയവസ്ഥകളെ സൂചിപ്പിക്കുന്ന പ്രയോഗങ്ങൾ കണ്ടെത്തുക?
   a) വയലറ്റ് നിറമുള്ള ഞരമ്പ്
   b) നൂറു വെറ്റില തിന്ന പുലരി
   c) നാറത്തേപ്പ്
   d) ഞെണുങ്ങിയ കഞ്ഞിപ്പാത്രം

ആറ് മുതൽ ഒമ്പത് വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക (3X2=6 മാർക്ക്)

6. "ഇങ്ങനെയുള്ള ഞാനെന്നെ മറക്കിലും
   നിങ്ങളെയൊന്നും മറക്കയില്ലേ", ഈ വരികൾ നൽകുന്ന സന്ദേശമെന്ത്?

7. "ഭൂകമ്പത്തിന് മുമ്പുള്ള നിശ്ചലാവസ്ഥ പോലെ എല്ലാം സ്തംഭിച്ചു നിൽക്കുന്നു". ഈ വാക്യത്തിൽ സൂചിപ്പിക്കുന്ന പശ്ചാത്തലം വ്യക്തമാക്കുക?
8. ഡോക്യുമെൻററി സിനിമകളുടെ രണ്ട് പ്രത്യേകതകൾ എഴുതുക?
9. മനുഷ്യഭാവത്തെ അടയാളപ്പെടുത്തുന്ന രണ്ട് സൂചനകൾ എഴുതുക?

പത്ത് മുതൽ പതിനാല് വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക (4X4=16 മാർക്ക്)

10. ചേരുംപടി ചേർക്കുക?

| | |
|---|---|
| ബ്രൂണോ | ദ്വേധാനാരായണീയം |
| ഇക്കണ്ടക്കുറുപ്പ് | നാരീസേവാസമിതി |
| അരുണാചലം | വിക്ടോറിയ ഡിസീക്ക |
| ദേവീബഹൻ | ഔഷധ മഹിമ |

11. "ജോനാഥൻ" എന്ന കടൽക്കാക്ക നൽകുന്ന ജീവിത പാഠം മാതൃകാപരമാണോ, അഭിപ്രായങ്ങൾ വിശദീകരിക്കുക?
12. ജനപ്രിയ സിനിമകൾ സാമൂഹ്യ ജീവിതത്തിൻെറ നേർ ചിത്രണമാണോ, വിശദമാക്കുക?
13. "എന്നെപ്പറ്റി നിനക്കെല്ലാം അറിയാം, ഇനിയും സൗകര്യം പോലെ വായിക്കാവുന്ന ഒരു ലഘു ഗ്രന്ഥമാണല്ലോ ഞാൻ", അനർഘ നിമിഷത്തിലെ ഈ വാക്യങ്ങളിലൂടെ ബഷീർ അവതരിപ്പിക്കുന്ന ആശയമെന്ത്?
14. അമ്മയുടെ ഓപ്പറേഷന് വെറും സർജിക്കലായ ഉള്ളടക്കമല്ല ഉള്ളതെന്ന് ചിന്തിക്കുന്നതിലേക്ക് മകനെ നയിച്ച കാരണങ്ങൾ എന്തൊക്കെ, വ്യക്തമാക്കുക?

പതിനഞ്ച് മുതൽ ഇരുപത്തി ഒന്ന് വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരം എഴുതുക (6X5=30 മാർക്ക്)

15. "ഇരുട്ടിലെ മനുഷ്യൻ" എന്ന കവിതാ ഭാഗത്ത് കാണുന്ന പ്രകൃതി ദൃശ്യങ്ങൾക്ക് മനുഷ്യഭാവം കൈവരുന്നതെങ്ങനെ, വിശദമാക്കുക?
16. മലയാളത്തിലെ ആദ്യ ചെറുകഥ എന്ന നിലയിൽ "വാസനാവികൃതി" എന്ന കഥയുടെ സവിശേഷതകൾ എന്തെല്ലാം, കഥയിലെ സന്ദർഭങ്ങൾ മുൻനിർത്തി വിലയിരുത്തുക?
17. കൃഷ്ണൻെറ ബാല്യകാല സ്മരണകളിൽ തെളിയുന്ന അമ്മമാരോടുള്ള സ്നേഹവായ്പും കരുതലും ചെറുശ്ശേരി ആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെ?
18. "ഓർമ്മയുടെ ഞരമ്പ്" എന്ന പാഠഭാഗത്തെ മുൻനിർത്തി "സ്ത്രീയും സമൂഹവും" എന്ന വിഷയത്തിൽ ഒരു പ്രഭാഷണം തയ്യാറാക്കുക?
19. "മത്സ്യം" എന്ന കവിതയിൽ മത്സ്യം മുന്നോട്ടു വെക്കുന്ന അതിജീവന തന്ത്രങ്ങൾ വിശദീകരിക്കുക?
20. "കായലരികത്ത്" എന്ന സിനിമാ ഗാനത്തെ ജനകീയമാക്കുന്ന ഘടകങ്ങൾ വിശദീകരിക്കുക?

21 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (8X2=16 മാർക്ക്)

21. വിരസമാകാനിടയുള്ള വാർദ്ധക്യത്തെ യൗവ്വനകാലത്തെ ഓർമ്മകൾ കൊണ്ട് മറികടക്കുകയാണോ, "ഊഞ്ഞാലിൽ" എന്ന കവിതയിലെ ദമ്പതികൾ, കവിതയെ മുൻനിറുത്തി വിശകലനം ചെയ്യുക?

22. പ്രണയതീരത്ത് സാന്ത്വനം കൊള്ളാൻ കൊതിക്കുമ്പോഴും അതിനാകാതെ പിടയുന്ന ഒരു വിഹ്വല മനസ്സിൻെറ യാത്രാരേഖയാണ് സന്ദർശനം എന്ന കവിത, ഈ നിരീക്ഷണവുമായി ബന്ധിപ്പിച്ച് സന്ദർശനത്തിന് ഒരു ആസ്വാദനം തയ്യാറാക്കുക?
23. സ്ത്രീയുടെ ജീവിത യാത്രയുടെ ചരിത്രമാണ് "സംക്രമണം" എന്ന കവിത, വിശകലനങ്ങൾ അവതരിപ്പിക്കുക?

ഖണ്ഡിക വായിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (3X2=6 മാർക്ക്)

മോളിവുഡ് എന്നറിയപ്പെടുന്ന മലയാള സിനിമാലോകം ഇന്ന് എല്ലാ അർത്ഥത്തിലും പന്തലിച്ച് നിൽക്കുന്ന ഒന്നാണ്. പച്ചയായ ജീവിതം വെള്ളിത്തിരയിൽ അവതരിപ്പിക്കുന്ന മലയാള സിനിമ എന്നും മറ്റുള്ളവയിൽ നിന്നും വേറിട്ട് നിൽക്കുന്നു. നടന വിസ്മയം വെള്ളിത്തിരയിൽ തീർക്കുന്ന കലാകാരൻമാരെക്കൊണ്ടും ഗന്ധർവ്വ ലോകത്തെ പോലും വിസ്മയിപ്പിക്കുന്ന സംഗീത പ്രതിഭകളെ കൊണ്ടും പൊട്ടിച്ചിരിപ്പിച്ചും ജീവിത യാഥാർത്ഥ്യം തുറന്നു കാട്ടുന്ന ശക്തമായ തിരക്കഥകൾ ഒരുക്കുന്ന കഥാകൃത്തുക്കളെക്കൊണ്ടും അനുഗ്രഹീതമാണ് മലയാള സിനിമ. ഇരുപതാം നൂറ്റാണ്ടിൻെറ പകുതിയോളം മലയാള സിനിമ തീരെ സജീവമായിരുന്നില്ല. 1947 വരെ രണ്ട് നിശ്ശബ്ദ ചിത്രങ്ങളും മൂന്ന് സിനിമകളും മാത്രമേ മലയാളത്തിന് സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. സർക്കാരിൻെറ സഹായത്തോടെയാണ് മലയാള സിനിമ പിച്ച വെച്ച് തുടങ്ങിയത്. 1950 കളിൽ വെറും ആറ് സിനിമകളിൽ തുടങ്ങിയ മലയാള സിനിമാലോകം ഇന്ന് വർഷം ആയിരത്തോളം സിനിമകൾ പുറത്തിറക്കുന്നു. ആദ്യമായി കേരളത്തിൽ കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന പ്രൊജക്റ്ററോടു കൂടിയ ജോസ് ഇലക്ട്രിക്കൽ ബയോസ്കോപ്പ് എന്ന സിനിമാ കൊട്ടക 97 ൽ തൃശൂർ നഗരത്തിൽ നിർമ്മിച്ചത് ജോസ് കാട്ടൂക്കാരൻ ആയിരുന്നു. പിന്നീടത് ജോസ് തിയേറ്റർ എന്നറിയപ്പെടുന്ന ആധുനിക സിനിമാ നിർമ്മാണ ശാലയായി മാറി

1. മലയാള സിനിമയെ മറ്റുള്ളവയിൽ നിന്ന് വേറിട്ട് നിർത്തിയത് എന്ത്?
2. മലയാള സിനിമയെ അനുഗ്രഹീതമാക്കുന്ന രണ്ട് പ്രത്യേകതകൾ എഴുതുക?
3. ജോസി തിയേറ്ററിൻെറ ആദ്യകാല പേര് എന്തായിരുന്നു.

Prepared by

NEELIMA N.N.M.H.S.S.CHELEMPRA
SHEEJA C. GHSS CHENDAPPURAYA
SUSMITHA GHSS CHENDAPPURAYA
SABIRA THIRURANGADI OHSS
PREETHI GHSS OTHUKKANGAL
DARSANA GHSS PUTHUPARAMP
DIVYA GHSS CHERIYAMUNDAM